# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5776 — 05.07.13 ൽ - മറുപടിക്ക്

## റേഷൻസാധനങ്ങളുടെ മറിച്ചു വിൽപന തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ;<br>,, വി.ശശി;<br>,, ജി.എസ്.ജയലാൽ;<br>,, പി.തിലോത്തമൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കടകൾക്ക് ഓരോ മാസവും അനുവദിക്കുന്ന റേഷൻ സാധനങ്ങൾ അതാതു മാസം തന്നെ കാർഡുടമകൾക്ക് വിറ്റു പോകുന്നുണ്ടോ ; | (എ) സംസ്ഥാനത്തെ റേഷൻ കടകൾക്ക് ഓരോ മാസവും അനുവദിക്കുന്ന റേഷൻ സാധനങ്ങൾ ഏതാണ്ട് മുഴുവനും അതാത് മാസം തന്നെ കാർഡുടമകൾക്ക് വിറ്റുപോകുന്നുണ്ട്. നീക്കിയിരുപ്പ് സ്റ്റോക്ക് തുടർന്നുള്ള മാസങ്ങളിൽ വിതരണത്തിനായി ഉപയോഗിക്കുന്നു. |
| (ബി) റേഷൻ കടകൾക്ക് അനുവദിക്കുന്ന സാധനങ്ങൾ മുഴുവനും റേഷൻകടകളിലേയ്ക്കും, ഉപഭോക്താക്കളിലേക്കും എത്തിചേരുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) റേഷൻ സാധനങ്ങളുടെ മറിച്ചു വില്പന തടയുന്നതിന് കാര്യക്ഷമമായ നടപടികളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനുള്ള എന്തു നടപടികളാണ് ഇനി സ്വീകരിയ്ക്കാനുള്ളത് എന്നു വെളിപ്പെടുത്തുമോ ? | (സി) റേഷൻസാധനങ്ങളുടെ മറിച്ചുവില്പന തടയുന്നതിനായി പൊതുവിതരണ വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നുണ്ട്. റേഷൻ സാധനങ്ങളുടെ മറിച്ചുവിൽപ്പന തടയുന്നതിനായി താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ആഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിൽ വിജിലൻസ് ആഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി വരുകയും ക്രമക്കേടുകൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>റേഷൻ സാധനങ്ങളുടെ മറിച്ച് വിൽപന തടയുന്നതിനും അവ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനുമായി സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം **(End to End Computerization), FMPDS** എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ